(ബി) ഈ റോഡ് ഗതാഗതയോഗ്യമാക്കാനുള്ള നടപടി അടിയന്തരമായി സ്വീകരിക്കുമോ ?

ഉത്തരം

(എ & ബി) കരവാരം, നഗരൂർ ഗ്രാമപഞ്ചായത്തുകളുടെ അതിർത്തിയിലുള്ള വിളയിൽകട- ഇറത്തിയിൽ-ശബരിമലക്കുന്ന് വഴിയുള്ള നെടുമ്പറത്ത് റോഡിന്റെ പുനരുദ്ധാരണ പ്രവൃത്തികൾക്കുവേണ്ടി 2013-14 വർഷത്തെ ജനകീയാസൂത്രണ പദ്ധതിപ്രകാരം ലോകബാങ്ക് ധനസഹായം ഫണ്ട് 3,00,000 രൂപ ആകെ അടങ്കൽ തുക വകയിരുത്തി ഒന്നാം മെറ്റലിംഗിന്റെ പണി പൂർത്തീകരിച്ചിട്ടുള്ളതും ഇപ്പോൾ റോഡ് സഞ്ചാരയോഗ്യമാക്കിയതുമാണ്. കൂടാതെ 2014-15 വർഷത്തെ ജനകീയാസൂത്രണ പദ്ധതിയിലുൾപ്പെടുത്തി മെയിന്റനൻസ് ഫണ്ട് വിഹിതം 8,31,000 രൂപ വകയിരുത്തി ടി റോഡിന്റെ മെറ്റലിംഗും, ടാറിംഗും നടത്തുന്നതിനു വേണ്ടി പദ്ധതി തയ്യാറാക്കി ജില്ലാ പ്ലാനിംഗ് സമിതിയുടെ അംഗീകാരത്തിന് സമർപ്പിച്ചിട്ടുള്ളതുമാണ്.

സുതാര്യകേരളം പദ്ധതിയിൽ അപേക്ഷ

8 (6153) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സുതാര്യ കേരളം പദ്ധതിയിൽ അപേക്ഷ കൊടുത്താൽ എത്ര ദിവസത്തിനുശേഷമാണ് അപേക്ഷയിന്മേൽ തീരുമാനമായി അപേക്ഷകന് മറുപടി ലഭിക്കുക എന്ന് വ്യക്തമാക്കുമോ ;

(ബി) കൊടുത്ത അപേക്ഷകളിന്മേൽ ഒരു വർഷം കഴിഞ്ഞിട്ടും യാതൊരു മറുപടിയും ലഭിക്കുന്നില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ അത് പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) സുതാര്യകേരളം പരിപാടിയിൽ ലഭിക്കുന്ന അപേക്ഷയിൽ 14 ദിവസത്തിനകം നടപടി സ്വീകരിച്ച് നിവേദകന് മറുപടി നൽകാനാണ് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിരിക്കുന്നത്.

(ബി & സി) കാലതാമസം ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് സമയ ബന്ധിതമായി നടപടി സ്വീകരിക്കാൻ എല്ലാ വകുപ്പ് മേധാവികൾക്കും ഓഫീസ് തലവൻമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

സേവനാവകാശ നിയമം

9 (6154) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സേവനാവകാശനിയമം സംസ്ഥാനത്ത് എല്ലാ വകുപ്പുകളിലും നടപ്പിലാക്കിയിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly